## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.732 28.09.2011 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി മുമ്പാകെ സമർപ്പിക്കേണ്ട നിർദ്ദേശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി. പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവമന്ത്രി) |

| | |
|---|---|
| (എ) സുപ്രീം കോടതി നിർദ്ദേശിച്ച മുല്ലപ്പെരിയാർ ഉന്നതാധികാരസമിതിയുടെ മുമ്പാകെ സമർപ്പിക്കേണ്ടനിർദ്ദേശങ്ങളെക്കുറിച്ച് ധാരണയായിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉന്നതാധികാരസമിതി നിർദ്ദേശിച്ചതിൻ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഈ മാസം തന്നെ നൽകുന്നതാണ്. അതിൽ പഴയ ഡാം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ചുള്ള മെതഡോളജി ഉണ്ടായിരിക്കും |
| (സി) പഴയ ഡാം പൊളിക്കുന്നതിനെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ; | (സി) പഴയ ഡാം പൊളിച്ചു മാറ്റണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഭാഗികമായി/പൂർണ്ണമായി പൊളിക്കണമോയെന്ന കാര്യം വിശദമായ പഠനങ്ങൾക്ക് ശേഷം യുക്തമായ സമയത്ത് തീരുമാനമെടുക്കുന്നതാണ്. |
| (ഡി) പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഡാമിലേയ്ക്ക് എങ്ങനെയാണ് ജലമൊഴുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഡാമിലേക്ക് ജലമൊഴുക്കാൻവേണ്ടി, എൻ.ഐ.റ്റി, കോഴിക്കോടിന്റെതുൾപ്പെടെ മൂന്ന് നിർദ്ദേശങ്ങൾ കേരളാഗവൺമെന്റ് പരിഗണിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ